# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.815 — 05.02.2020 -ൽ മറുപടിയ്ക്ക്

## കോഴിക്കോട് ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.കെ.സി. മമ്മത് കോയ:** | **ശ്രീ. എ. കെ. ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി** |
| എ) സർക്കാർ അധികാരമേറ്റശേഷം സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തൊക്കെയാണ്;<br><br>ബി) ജില്ലയിൽ പുതിയ പദ്ധതികൾക്കായി വകുപ്പതലത്തിലും കിഫ്ബി മുഖാന്തിരവും അനുവദിച്ച പദ്ധതികളുടെയും തുകയുടെയും വിവരങ്ങൾ ലഭ്യമാക്കുമോ? | എ) & ബി) കോഴിക്കോട് ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു ഇന്തോ ഷാർജ കൾച്ചറൽ സെന്റർ, അന്തർദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ, വൈക്കം മുഹമ്മദ് ബഷീർ സ്മാരക നവോത്ഥാന സാംസ്കാരിക സമുച്ചയം എന്നിവ സ്ഥാപിക്കുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കായി കോഴിക്കോട് താലൂക്കിൽ ഒളവണ്ണ വില്ലേജിൽ 30.40 ഏക്കർ സ്വകാര്യ ഭൂമി കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ ഏറ്റെടുക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ സാംസ്കാരിക വകുപ്പിന്റെ വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയിൽ കോഴിക്കോട് ജില്ലയിലെ 68 കലാകാരന്മാർക്ക് 10,000/- രൂപ വീതം പ്രതിമാസം ഫെലോഷിപ്പ് നൽകി വരുന്നുണ്ട്. വകുപ്പ് നടപ്പിലാക്കി വരുന്ന കരകൗശല കലാകാരന്മാരുടെ ഉപജീവന പദ്ധതിയിൻ കീഴിൽ വടകരയിലെ സർഗ്ഗാലയ മുഖേന 152 കലാകാരന്മാർക്ക് വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്.<br><br>കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ കോഴിക്കോട് ജില്ലയിൽ പേരാമ്പ്രയിൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഒരു തിയേറ്റർ സമുച്ചയം നിർമ്മിക്കുന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പദ്ധതിയ്ക്കായി 11.35 കോടി രൂപയാണ് കിഫ്ബി വകയിരുത്തിയിരിക്കുന്നത്.<br><br>2019-20 ലെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതമായി 5 കോടി രൂപ വിനിയോഗിച്ച് കോഴിക്കോട് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ കൈരളി/ശ്രീ തീയേറ്ററുകളുടെ നവീകരണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. |

Sindhu

**സെക്ഷൻ ഓഫീസർ**